പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1798 10.02.2020-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ കടം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ കടം 3430 കോടി രൂപയാണെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിരുന്നുവോ; | (എ) | പരിശോധിച്ചിരുന്നു. കെ.എസ്.ആർ.ടി.സി. യുടെ കണക്കുകൾ പ്രകാരം, 2019 സെപ്റ്റംബർ മാസം വരെ കെ.എസ്.ആർ.ടി.സി.യിൽ നില നിൽക്കുന്ന കടം 3430.56 കോടി രൂപയാണ്. ആയതിൽ ബസ്സ്, ടയർ, സ്പെയർ എന്നിവയുടെ സപ്ലയേഴ്സിനും സിവിൽ കരാറുകാർക്കും, ജീവനക്കാരുടെ ആനുകൂല്യങ്ങളുടെ കുടിശ്ശികയും ചേർത്ത് 319.74 കോടി രൂപയുടെ ബാദ്ധ്യത ഉണ്ട്. 2013 ലെ ഡീസൽ പ്രൈസ് വേരിയേഷൻ വന്നതുമൂലമുണ്ടായ ബാദ്ധ്യത 54.40 കോടി രൂപയും, ജി.എസ്.ടി., എസ്.ബി.ഐ. ക്യാപ്സിന്റെ കുടിശ്ശിക ഇനത്തിൽ 12.75 കോടി രൂപയും, കൺസോർഷ്യം വായ്പയുടെ ബാലൻസായി 3043.67 കോടി രൂപയും ചേർത്ത് 2019 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം 3430.56 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്. ഇത് കൂടാതെ എം.എ.സി.ടി. കേസുകളിൽ എകദേശം 50 കോടി രൂപയുടെ ക്ലെയിമിന്റെ കുടിശ്ശികയും, കൂടാതെ ഓയിൽ കമ്പനികളും കെ.എസ്.ആർ.ടി.സി.യുമായുള്ള കരാർ പ്രകാരം അനുവദനീയമായ ഡ്യൂ (Due) ആകാത്ത 135 കോടി രൂപയുടെ ക്രെഡിറ്റും നിലനിൽക്കുന്നുണ്ട്. കൂടാതെ പാലിയേക്കര ടോൾ ഇനത്തിൽ 77.60 കോടി രൂപയുടെ കുടിശ്ശിക സംബന്ധിച്ച കേസ് കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. ക്കായി കൂടുതൽ സാമ്പത്തിക സഹായം തേടി മാനേജ്മെന്റ് നൽകിയ | (ബി) | കോർപ്പറേഷനിൽ ഡിസംബർ മാസത്തെ ശമ്പളം നൽകുന്നതിനായി, പ്രതിമാസം അനുവദിക്കുന്ന 20 കോടി രൂപയ്ക്ക് പുറമെ |

| | | | |
|---|---|---|---|
| | നാൽപത് കോടി രൂപയുടെ പ്രൊപ്പോസൽ ധനവകുപ്പ് നിരസിച്ചിരുന്നുവോ; | | അധികമായി 40 കോടി രൂപയും ചേർത്ത് മൊത്തം 60 കോടി രൂപ അനുവദിക്കണമെന്ന് കെ.എസ്.ആർ.ടി.സി. അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, ഡിസംബർ മാസത്തെ ശമ്പളത്തിനായി ജനുവരി മാസം ആദ്യം 20 കോടി രൂപയും രണ്ടാമത് 5 കോടി രൂപയും ചേർത്ത് മൊത്തം 25 കോടി രൂപ അനുവദിക്കുകയുണ്ടായി. |
| (സി) | ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി കെ.എസ്.ആർ.ടി.സി. ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന നാൽപത്തിയേഴ് കോടി രൂപ നേരത്തെ ധനകാര്യ വകുപ്പ് സ്വന്തമാക്കിയിരുന്നുവോ; | (സി) | ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കായി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ കെ.എസ്.ആർ.ടി.സി. നിക്ഷേപിച്ചിരുന്ന 47 കോടി രൂപ (47,29,86,782/- രൂപ) 31/3/2018 ൽ സർക്കാർ പിൻവലിച്ചിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി. ക്ക് ധനവകുപ്പ് നിരവധി സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ടെന്നും ആ തുകയിലേക്ക് നാൽപത്തിയേഴ് കോടി രൂപ വരവ് വയ്ക്കുകയുമാണെന്ന് ധനവകുപ്പ് കെ.എസ്.ആർ.ടി.സി. യെ അറിയിച്ചിരുന്നുവോ; വിശദമാക്കാമോ? | (ഡി) | രേഖാമൂലമുള്ള അറിയിപ്പുകളൊന്നും ധനകാര്യ വകുപ്പ് നേരിട്ട് കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയിട്ടില്ല. എന്നാൽ 1000 കോടി രൂപയിലധികം കെ.എസ്.ആർ.ടി.സി.ക്ക് നൽകി കഴിഞ്ഞതായും സർക്കാർ പിൻവലിച്ച തുകയും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും കൂടുതൽ തുക അനുവദിക്കാനാകില്ലെന്നും ധനകാര്യ വകുപ്പ് ഗതാഗത വകുപ്പിനെ അറിയിക്കുകയുണ്ടായി. കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം കെ.എസ്.ആർ.ടി.സി.ക്ക് കൂടുതൽ തുക അനുവദിക്കാനാകില്ലെന്നും മുൻനിലപാടിൽ ഉറച്ചു നിൽക്കുന്നതായും ഇക്കാര്യം വീണ്ടും ഉന്നയിച്ചപ്പോൾ ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. |

**സെക്ഷൻ ഓഫീസർ**